# പുതുവർഷ സന്ദേശം

മിശിഹായിൽ ഏറ്റവും പ്രിയപ്പെട്ടവരേ...

ഒരു വർഷം കൂടി നമ്മുടെ ജീവിതത്തിൽ നിന്ന് കടന്നു പോവുകയാണ്. പുതിയ വർഷത്തിലേക്ക് കാൽവയ്ക്കുവാൻ നാം എല്ലാവരും ഒരുങ്ങിക്കഴിഞ്ഞു. ഇന്നലെകൾ ചരിത്രത്തിന്റെ ഭാഗമായിക്കഴിഞ്ഞു. ഇനി നമുക്കുള്ളത് ഇന്നും, നാളെകളുമാണ്. നാളെകളെ സ്വപ്നം കണ്ട് ഇന്നു ജീവിക്കുവാൻ ഈ പുതുവർഷത്തിൽ നമുക്കു സാധിക്കണം.

കഴിഞ്ഞ വർഷം ഒത്തിരിയേറെ ഓർമ്മകൾ നമ്മിലുണർത്തുന്നുണ്ട്. നേട്ടങ്ങളുടെ, വിജയങ്ങളുടെ, സമ്പാദ്യങ്ങളുടെ, സന്തോഷത്തിന്റെ, സമൃദ്ധിയുടെയൊക്കെ മധുരിക്കുന്ന ഓർമ്മകൾക്കൊപ്പം, മോഹഭംഗങ്ങളുടെയും, നഷ്ടങ്ങളുടെയും, ദുഃഖങ്ങളുടെയും, പരാജയങ്ങളുടെയും അപ്രതീക്ഷിതമായ തിരിച്ചടികളുടെയുമൊക്കെ നിഴലുകളും നമ്മോടൊപ്പം ഉണ്ടായേക്കാം. പക്ഷേ, പരാജയങ്ങളിൽ നിന്നു പാഠം പഠിച്ച്, വിജയത്തിലേക്കു കുതിക്കുവാനുള്ള ഒരവസരമാണ് പുതുവർഷം നമുക്കു നല്കുക. അതെ.. പുതുവർഷം ഒരു അവസരമാണ്. ഉള്ളതിനെ വർദ്ധിപ്പിക്കാനും, ഇല്ലാത്തതിനെ സമ്പാദിക്കുവാനും, ദുർബലമായതിനെ ബലപ്പെടുത്തുവാനും, പഴയതെല്ലാം മറന്ന് ഒരു പുതിയ തുടക്കം കുറിക്കുവാനുള്ള അവസരം. അത് ഭൗതിക തലത്തിൽ മാത്രം ഒതുങ്ങിനില്ക്കുന്ന ഒന്നല്ല. ആത്മീയതയിലും ഈ പുതിയ തുടക്കം കുറിക്കുവാൻ നമുക്കു കഴിയണം. ബന്ധങ്ങളിലുണ്ടായിട്ടുള്ള പാളിച്ചകൾ പരിഹരിക്കാനും, തകർന്ന ബന്ധങ്ങൾ പുന:സ്ഥാപിക്കുവാനും, പുതുവർഷം നമ്മെ പ്രചോദിപ്പിക്കണം. ദൈവത്തോടും സഹോദരങ്ങളോടുമുള്ള ബന്ധത്തെ വിലയിരുത്തുവാനും നമുക്കു സാധിക്കണം. ആത്മീയ ജീവിതത്തിലുണ്ടായ കുറവുകൾക്കു ദൈവത്തോടു മാപ്പപേക്ഷിക്കുവാനും, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നവരായിത്തീരുവാനും അങ്ങനെ പുത്തൻ ഉണർവോടെ, ഉന്മേഷത്തോടെ പുതിയ തീരുമാനങ്ങളോടെ പുതുവർഷത്തെ എതിരേല്ക്കുവാൻ നമുക്കു സാധിക്കണം. പുതുവർഷം ഒരവസരമാണ്. നാം അത് പാഴാക്കരുത്. മറിച്ച് പ്രയോജനപ്പെടുത്തണം.

ഈ പുതുവർഷം നമ്മിലുണർത്തുന്ന മറ്റൊരു ചിന്ത ദൈവം എല്ലാം പുതുക്കുന്നു എന്നുള്ളതാണ്. പുതിയ കല്പന, പുതിയ മാതൃക, പുതിയൊരു ജീവിതശൈലി, പുതിയ ആകാശം, പുതിയ ഭൂമി - ഇതൊക്കെ സുവിശേഷങ്ങളിലെ പ്രധാന സന്ദേശം ആണ്. ദൈവത്തിന്റെ സ്നേഹം ഓരോ പ്രഭാതത്തിലും പുതിയതാണെന്ന് വി. ഗ്രന്ഥം നമ്മെ ഓർമ്മപ്പെടുത്തുന്നു. ഇതിൽ നിന്നു നാം മനസ്സിലാക്കേണ്ട കാര്യം ദൈവമാണ് ഈ പുതുതാക്കലുകളുടെയെല്ലാം സൂത്രധാരൻ എന്നതാണ്. അതുകൊണ്ടുതന്നെ ക്രിസ്തുവിനാൽ നവീകരിക്കപ്പെടുക എന്നത് പുതുവർഷത്തിന്റെ നമ്മുടെ ലക്ഷ്യമാകണം.

എല്ലാ സാഹചര്യങ്ങളും അനുകൂലമായിട്ടും ഫലം നല്കാത്ത അത്തിവൃക്ഷത്തിന് ഒരവസരം കൂടി നല്കുന്ന കൃഷിക്കാരനെ വി. ലൂക്കായുടെ സുവിശേഷത്തിൽ നാം പരിചയപ്പെടുന്നുണ്ട്. അങ്ങനെ ചിന്തിക്കുമ്പോൾ പുതുവർഷം ഫലം ചൂടുവാനുള്ള വേദിയായി കണക്കാക്കാം. അനുകൂല സാഹചര്യങ്ങളിൽ പരമാവധി ഫലം പുറപ്പെടുവിക്കുന്നതിനാണ് ഓരോ ക്രിസ്ത്യാനിയും വിളിക്കപ്പെട്ടിരിക്കുന്നത്. ഫലം ചൂടി നില്ക്കുന്ന വൃക്ഷം അതു കാണുന്നവർക്കും, അതിനെ സമീപിക്കുന്നവർക്കും അതിനായി അദ്ധ്വാനിച്ചവർക്കും സന്തോഷം പ്രദാനം ചെയ്യുന്നു. ഇതു

പോലെയാണ് ഒരു ഉത്തമക്രിസ്ത്യാനിയുടെ ജീവിതം. ഈപുതുവർഷത്തിൽ ഫലം നല്കുന്ന വൃക്ഷത്തെപ്പോലെ അർത്ഥപൂർണ്ണവും സഫലവുമായ ജീവിതം നയിക്കുവാൻ നമുക്കു പ്രതിജ്ഞയെടുക്കാം.

പലപ്പോഴും ഒരോ പുതുവർഷാരംഭത്തിലും കടുത്ത തീരുമാനങ്ങൾ എടുക്കുന്ന നാം അധികം കഴിയും മുമ്പേ അവ മറന്നുകളഞ്ഞ് ആരംഭശൂരത്വത്തിന് ഉത്തമദൃഷ്ടാന്തമാകുന്നു. പക്ഷേ ഈ വർഷം നമുക്ക് ദൈവത്തോടൊപ്പം തീരുമാനമെടുക്കാൻ പരിശ്രമിക്കാം. ദൈവത്തോടു ചേർന്നു നിന്നാകട്ടെ നമ്മുടെ എല്ലാ പ്രവർത്തനങ്ങളും തീരുമാനങ്ങളും. ദൈവത്തോടു ചേർന്നു നില്ക്കുന്ന വൻ ആറ്റുതീരത്തെ വൃക്ഷം പോലെ തഴച്ചു വളരുമെന്ന് സങ്കീർത്തനങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവാശ്രയബോധം വളർത്തിയെടുക്കാൻ ഈ പുതുവർഷത്തിൽ നമുക്കു സാധിക്കണം. അപ്പോൾ സങ്കീർത്തകനെപ്പോലെ അത്യുന്നതന്റെ സംരക്ഷണമുള്ളവനും ദൈവത്തിന്റെ തണലിൽ ജീവിക്കുന്നവനും ഭാഗ്യവാനാകുന്നു എന്ന് നമുക്ക് പ്രാർത്ഥിക്കാൻ സാധിക്കും. ദൈവത്തിന്റെ സംരക്ഷണത്തിൽ വസിക്കുക എന്നതാണ് ഒരുവന്റെ ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യം. അതിനുള്ള ഒരേ ഒരു മാനദണ്ഡം ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുക എന്നതാണ്. ഈ ദൈവാശ്രയബോധം വളർത്തിയെടുക്കാൻ യേശുവിൽ പ്രത്യാശ വയ്ക്കുവാൻ ഈ പുതുവർഷത്തിൽ നമുക്കു സാധിക്കണം. ദൈവത്തോടു ചേർന്ന് നിന്ന് പ്രതിസന്ധികളെ തരണം ചെയ്യാൻ കഴിയണം. സസ്യങ്ങൾ പ്രകാശത്തിലേക്കു ചരിഞ്ഞ് വളരുന്നത് നാം കണ്ടിട്ടുണ്ട്. അതുപോലെ നമുക്കും ദൈവത്തെ നോക്കി, ദൈവത്തിലേക്ക് വളരുവാൻ കഴിയണം. അതിന് ഈ പുതുവർഷം നമുക്ക് പ്രയോജനപ്പെടുത്താം. വി. ഫ്രാൻസിസ് അസ്സീസ്സി പ്രാർത്ഥിച്ചതുപോലെ നമ്മെ സമാധാനത്തിന്റെ ദൂതരാക്കണമെന്ന് നമുക്കു പ്രാർത്ഥിക്കാം. (സാധിക്കുമെങ്കിൽ ഫ്രാൻസിസ് അസീസിയുടെ സമാധാന പ്രാർത്ഥന ചൊല്ലുക)

**ചുരുക്കത്തിൽ**

1. പുതുവർഷം അവകാശമാണ് - പ്രയോജനപ്പെടുത്തുക
2. ദൈവമാണ് എല്ലാം പുതുതാക്കുന്നത്
3. ദൈവത്തിൽ ആശ്രയിച്ച് സംരക്ഷണം നേടുക
4. എല്ലാം പുറപ്പെടുവിക്കുന്നവരാകുക (അനുകൂല സാഹചര്യത്തിൽ)

**ഫാ. സ്ക്കറിയ ഉറുമ്പിൽ**